REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-10-2023 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രിമാരും പങ്കെടുക്കുന്ന മേഖലാതല അവലോകന യോഗം ഇന്ന് കൊച്ചി ബോൾഗാട്ടി പാലസിൽ ചേരും.
- മാലിന്യം വലിച്ചെറിയൽ ഇല്ലാതാക്കാൻ ബോധവത്ക്കരണത്തിന് പുറമേ ശക്തമായ നിയമ നടപടികളുമെടുക്കുമെന്ന് മന്ത്രി M.B രാജേഷ്.
- ആലപ്പുഴ , കോട്ടയം ജില്ലകളിലെ ഏതാനും താലൂക്കുകളിൽ ഇന്ന് സ്കൂളുകൾക്ക് അവധി.
- സംസ്ഥാനത്തെ മുഴുവൻ ഗവൺമെൻറ് ആശുപത്രികളെയും E-ഹെൽത്ത് സംവിധാനത്തിലേക്ക് കൊണ്ടുവരാൻ ശ്രമം നടത്തിവരികയാണെന്ന് മന്ത്രി വീണ ജോർജ്.
- ഹാങ്ജോ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ മെഡൽ കുതിപ്പ് തുടരുന്നു.
- 13-ാമത് ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് മറ്റന്നാൾ അഹമ്മദാബാദിൽ തുടക്കമാകും.

## വാർത്തകൾ വിശദമായി

മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രിമാരും പങ്കെടുക്കുന്ന മേഖലാതല അവലോകന യോഗം ഇന്ന് കൊച്ചി ബോൾഗാട്ടി പാലസിൽ ചേരും. എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളുടെ അവലോകന യോഗമാണ് കൊച്ചിയിൽ ചേരുന്നത്. ചീഫ് സെക്രട്ടറി ഉൾപ്പെടെ മുതിർന്ന

ഉദ്യോഗസ്ഥരും ജില്ലാകളക്ടർമാരും, പൊലീസ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും.

ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ, മിഷൻ പ്രവർത്തനങ്ങൾ, ദേശീയപാത, മലയോര - തീരദേശ ഹൈവേ വികസനം ഉൾപ്പെടെ ജില്ലകളിലെ പ്രധാന വികസന- ക്ഷേമ പദ്ധതികൾ യോഗം അവലോകനം ചെയ്യും.

രാവിലെ ഒൻപതര മുതൽ ഒന്നര വരെ ജില്ലകളിലെ പ്രധാന പദ്ധതികളും പരിപാടികളും അവലോകനം ചെയ്ത ശേഷം മൂന്നര മുതൽ അഞ്ചു വരെ പൊലീസ് ഓഫിസർമാർ പങ്കെടുക്കുന്ന ക്രമസമാധാന പ്രശ്നങ്ങളുടെ അവലോകനവും ഉണ്ടായിരിക്കും.

✪✪✪

മാലിന്യം വലിച്ചെറിയൽ ഇല്ലാതാക്കാൻ ബോധവത്ക്കരണത്തിന് പുറമേ ശക്തമായ നിയമ നടപടികളുമെടുക്കുമെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. ഈ പ്രവണത തടയാൻ ആവശ്യമായ വേസ്റ്റ് ബിന്നുകൾ ഉണ്ടാകണം. അതിനാൽ ചടങ്ങുകളും പരിപാടികളും നടത്തുന്നിടത്തെല്ലാം വേസ്റ്റ് ബിൻ സ്ഥാപിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ചേർത്തല നഗരസഭയുടെ ശുചിത്വ ക്യാമ്പയിനായ 'ചേലൊത്ത ചേർത്തല' യുടെ സമ്പൂർണ്ണ ശുചിത്വപ്രഖ്യാപനം നടത്തുകയായിരുന്നു അദ്ദേഹം. മന്ത്രി P. പ്രസാദ് ചടങ്ങിൽ അധ്യക്ഷനായിരുന്നു.

✪✪✪

ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യയുടെ സ്ഥാനം ഓരോ ദിവസവും വളരുകയാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് പറഞ്ഞു. നാസയടക്കം ആഗോള സ്പേസ് ഏജൻസികൾക്കൊപ്പം ISRO യും പ്രമുഖ സ്ഥാനത്ത് എത്തിക്കഴിഞ്ഞതായി അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ബഹിരാകാശ രംഗത്തെ പ്രമുഖരായ അമേരിക്കയും റഷ്യയും ഇപ്പോൾ ഇസ്രോയോട് ചേർന്ന് പ്രവർത്തിക്കാൻ മുന്നോട്ടു വന്നുകഴിഞ്ഞു.

ഇന്ത്യയുടെ പരമ്പരാഗത വിജ്ഞാനവും ബഹിരാകാശ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രവർത്തനങ്ങളുമാണ് ഇതിന് വഴിയൊരുക്കിയതെന്ന് കേന്ദ്രസഹമന്ത്രി അഭിപ്രായപ്പെട്ടു. I.S.R.O ശാസ്ത്രജ്ഞരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ഡോ. ജിതേന്ദ്ര സിംഗ്.

✪✪✪

ആലപ്പുഴ ജില്ലയിലെ ചേർത്തല, ചെങ്ങന്നൂർ, താലൂക്കുകളിലും, കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിലെയും, വൈക്കം, ചങ്ങനാശേരി

താലൂക്കുകളിലെ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ജില്ല കളക്ടർമാർ ഇന്ന് അവധി പ്രഖ്യാപിച്ചു.

ശക്തമായ മഴയെത്തുടർന്ന് വെള്ളക്കെട്ടുണ്ടായ പ്രദേശങ്ങളിൽ നിന്ന് ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയ സാഹചര്യത്തിലാണ് അവധി നൽകിയത്.

മഴയെത്തുടർന്ന് വെള്ളപ്പൊക്കം നേരിടുന്നതിനാൽ കോട്ടയം താലൂക്കിലെ ഹയർസെക്കൻഡറി വരെ17 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും, ചങ്ങനാശേരി, വൈക്കം താലൂക്കുകളിലെ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും ഇന്ന് അവധിയായിരിക്കും.

✪✪✪

കോട്ടയം ജില്ലയിൽ കനത്ത മഴയെത്തുടർന്ന് 17 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. കോട്ടയം താലൂക്കിൽ 15 ഉം, വൈക്കം, ചങ്ങനാശേരി താലൂക്കുകളിൽ ഓരോ ക്യാമ്പുകളും പ്രവർത്തിക്കുന്നുണ്ട്. 67 കുടുംബങ്ങളിലെ 239 പേരെ ക്യാമ്പിലേക്ക് മാറ്റി.

✪✪✪

തിരുവല്ല തിരുമൂലപുരം - കറ്റോട് റോഡിലെ ഇരുവള്ളിപ്പറ റെയിൽവേ അടിപ്പാതയിലെ വെള്ളക്കെട്ടിൽ മുങ്ങിയ കാറിൽ നിന്ന് വയോധികൻ അടക്കം മൂന്ന് പേരെ നാട്ടുകാർ രക്ഷപ്പെടുത്തി. അടിപ്പാതയിൽ അഞ്ചടിയോളം വെള്ളം ഉണ്ടായിരുന്നു. തിരുവല്ല MC റോഡിനെയും TK റോഡിനെയും ബന്ധിപ്പിക്കുന്ന അടിപ്പാത മണിമലയാറിൽ നിന്ന് നേരിട്ട് വെള്ളം കയറുന്ന സ്ഥലമാണ്.

✪✪✪

കാസർഗോഡ് കുണിയയിൽ പത്ത് വയസുകാരൻ ഇന്നലെ വൈകീട്ട് വെള്ളക്കെട്ടിൽ വീണ് മരിച്ചു. കുണിയ തോക്കാനംമൊട്ട പട്ടറച്ചാലിലെ ആഷിക്കാണ് മരിച്ചത്.

✪✪✪

അന്താരാഷ്ട്ര കാലിഗ്രഫി ഫെസ്റ്റിവൽ കൊച്ചി ദർബാർ ഹാൾ ആർട്ട് ഗാലറിയിൽ മന്ത്രി P.രാജീവ് ഉദ്ഘാടനം ചെയ്തു. വിവിധ ഭാഷകളിലെ 150 ഓളം കാലിഗ്രാഫി രചനകളുടെ പ്രദർശനം ഫെസ്റ്റിവലിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. ഫെസ്റ്റിവൽ വ്യാഴാഴ്ച സമാപിക്കും.

✪✪✪

കരുവന്നൂർ സഹകരണ ബാങ്കിന് അടിയന്തര സാമ്പത്തിക സഹായം ഒരുക്കുന്നതിന് വഴിതേടി ഇന്ന് മന്ത്രി V.N വാസവൻ കേരളബാങ്കുമായി ചർച്ച നടത്തുമെന്ന് വാർത്താമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. സഹകരണ വകുപ്പിലെയും, കേരള ബാങ്കിലേയും ഉന്നത ഉദ്യോഗസ്ഥർ ചർച്ചയിൽ പങ്കെടുക്കുമെന്നാണ് വിവരം.

✪✪✪

സംസ്ഥാനത്തെ മുഴുവൻ ഗവൺമെൻറ് ആശുപത്രികളെയും E-ഹെൽത്ത് സംവിധാനത്തിലേക്ക് കൊണ്ടുവരാൻ ശ്രമം നടത്തിവരികയാണെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു. എറണാകുളം മെഡിക്കൽ കോളേജിൽ 17 കോടി രൂപയുടെ 36 പദ്ധതികൾ നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ബേൺസ് യൂണിറ്റ്, ലഹരി വിമുക്ത ചികിത്സാ കേന്ദ്രം, ഡയാലിസിസ് യന്ത്രങ്ങൾ, ബയോകെമിസ്ട്രി അനലൈസർ സംവിധാനം, റെറ്റിനൽ ലേസർ മെഷീൻ തുടങ്ങിയ പദ്ധതികൾ ചടങ്ങിൽ ഉദ്ഘാടനം ചെയ്തു.

മെഡിക്കൽ കോളേജിനെ കൊച്ചി മെട്രോയുമായി ബന്ധിപ്പിക്കുന്ന മെട്രോ ഫീഡർ ബസ് സർവീസ് മന്ത്രി P രാജീവ് ഫ്ലാഗ് ഓഫ് ചെയ്തു. കളമശ്ശേരി മുനിസിപ്പൽ ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് 10 ഇലക്ട്രിക് ബസുകൾ ഉപയോഗിച്ച് ചെയിൻ സർവീസ് ആരംഭിക്കുന്ന കാര്യം ഗവൺമെൻറിൻറെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഗവൺമെൻറ് ആശുപത്രികളിൽ പരമാവധി രോഗി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആലുവ ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വയോജനങ്ങളുടെ ചികിത്സയ്ക്കും ക്ഷേമത്തിനും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണെന്നും ഓരോ ഗവൺമെൻറ് ആശുപത്രിയും അത്യാധുനിക നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലൂടെ റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ ജനപ്രതിനിധികളും പൊതുജനങ്ങളും പങ്കാളികളാകണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. ഈ സംവിധാനത്തിലൂടെ ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും നേരിട്ട് ഇടപെട്ട് റോഡുകളെ കുറിച്ച് പരാതികൾ അറിയിക്കാനും, റോഡുകളുടെ പരിപാലനം കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

പെരുമ്പാവൂരിനു സമീപം നിർമ്മാണം പൂർത്തിയാക്കിയ റയോൺപുരം പാലവും, പെരുമ്പാവൂർ-കൂവപ്പടി റോഡ്, പാണിയേലി- മൂവാറ്റുപുഴ റോഡ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പാലങ്ങളെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റിന് ഒരു മാസത്തിനുള്ളിൽ തുടക്കമാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ജനവാസ മേഖലയിൽ വളർത്തുമൃഗങ്ങൾക്കു നേരെയുണ്ടാവുന്ന വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടിയെടുക്കുമെന്ന് മന്ത്രി J.ചിഞ്ചുറാണി പറഞ്ഞു. വന്യജീവി വാരാഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വന്യജീവികളെക്കുറിച്ച് കൂടുതൽ പഠിക്കാൻ തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ അവസരം ഒരുക്കുകയാണ്. തിരുവനന്തപുരം മൃഗശാലയിലേക്ക് വിദേശരാജ്യങ്ങളിൽ നിന്ന് കൂടുതൽ മൃഗങ്ങളെ എത്തിക്കുമെന്നും മന്ത്രി അറിയിച്ചു.

തിരുവനന്തപുരം മൃഗശാലയിലെ ജോർജ് എന്ന കടുവയെക്കുറിച്ച് പുസ്തകമെഴുതിയ വിദേശ വനിത ക്ലെയർ ലേ മിഷേലിനെ മന്ത്രി ചടങ്ങിൽ അനുമോദിച്ചു. ലോക ആനദിന പോസ്റ്റർ രചനാ മത്സരത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

ഹാങ്ജോ ഏഷ്യൻ ഗെയിംസിൽ ഇന്ത്യ മെഡൽ കുതിപ്പ് തുടരുന്നു. ഇന്നലെ മൂന്ന് വെള്ളിയും നാല് വെങ്കലവും ഇന്ത്യ സ്വന്തമാക്കി. ഇതോടെ മെഡലുകളുടെ എണ്ണം 60 ആയി. 13 സ്വർണവും 24 വെള്ളിയും 23 വെങ്കലവുമാണ് ഇന്ത്യയുടെ മെഡൽനേട്ടം. ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ ടീമുകൾക്കു പിന്നിൽ നാലാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ.

ഡെസ്ക്ക് റിപ്പോർട്ട്

.........(വോയ്സ്)....

4x400 മീറ്റർ മിക്സഡ് റിലേയിൽ മുഹമ്മദ് അജ്മലും, വിദ്യാരാംരാജും, രാജേഷ് രമേഷും, സുധാ വെങ്കടേശനും ഉൾപ്പെട്ട ടീം വെള്ളി സ്വന്തമാക്കി. ആദ്യം വെങ്കലമാണ് പ്രഖ്യാപിച്ചതെങ്കിലും രണ്ടാം സ്ഥാനക്കാരായിരുന്ന ശ്രീലങ്കൻ ടീം, ലൈൻ മാറി ഓടിയതിന്റെ പേരിൽ അയോഗ്യരാക്കപ്പെട്ടു. ഇതോടെ ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമായി.

വനിതാ ലോംഗ്ജമ്പിൽ  ആൻസി സോജൻ ഒരു വെള്ളി കൂടി ഇന്ത്യയ്ക്ക് സമ്മാനിച്ചു. വനിതകളുടെ 3,000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ നേരത്തെ ഇന്ത്യയുടെ പാരുൽചൗധരി  വെള്ളി നേടിയിരുന്നു. ഈയിനത്തിൽ വെങ്കലവും ഇന്ത്യയ്ക്കാണ്. സ്കേറ്റിംഗിലും, ടേബിൾ ടെന്നീസിലും വെങ്കലം ഇന്ത്യയ്ക്ക് ലഭിച്ചു.

110 മീറ്റർ ഹർഡിൽസ്, ഡിസ്കസ്ത്രോ, പോൾവാൾട്ട്, ജാവലിൻത്രോ മത്സരങ്ങൾ ഇന്നാണ്.

✪✪✪

ഏഷ്യൻ ഗെയിംസിൽ മലയാളി താരങ്ങളായ അബ്ദുല്ല അബൂബക്കറും മുഹമ്മദ് അഫ്സലും ഇന്ന് ഫൈനൽ പോരാട്ടത്തിനിറങ്ങും. വൈകീട്ട് 4.40നാണ് അബ്ദുല്ല അബൂബക്കറിന്റെ ട്രിപ്പിൾ ജംപ് ഫൈനൽ. 5.55ന് 800 മീറ്റർ ഫൈനലിൽ മുഹമ്മദ് അഫ്സൽ ട്രാക്കിലിറങ്ങും.

✪✪✪

ഏഷ്യൻ ഗെയിംസ് ലോംഗ് ജംപിൽ വെള്ളി നേടിയ മലയാളി താരം ആൻസി സോജൻ ഇടപ്പള്ളിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.  ഭാവിയിലെ യത്നങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നതായി പ്രധാനമന്ത്രി എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

ഇന്ത്യ വേദിയാകുന്ന 13-ാമത് ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിന് മറ്റന്നാൾ തുടക്കമാകും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ വ്യാഴാഴ്ച ഉച്ചക്ക് രണ്ടിന് ഇംഗ്ലണ്ടും ന്യൂസിലാൻഡും തമ്മിലാണ് ആദ്യ മത്സരം. ഞായറാഴ്ച ഉച്ചക്ക് രണ്ടിന് ചെന്നൈ M.A ചിദംബരം സ്റ്റേഡിയത്തിൽ ഓസ്ട്രേലിയക്ക് എതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

രാജ്യത്തെ പത്ത് വേദികളിലായി, പത്ത് ടീമുകളാണ് ഇത്തവണ ലോകക്കപ്പിൽ പങ്കെടുക്കുന്നത്.

നവംബർ 19-ന് അഹമ്മദാബാദ് നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് ഫൈനൽ.

✪✪✪

മാതാ അമൃതാനന്ദമയിയുടെ സപ്തതി ആഘോഷത്തിന് കൊല്ലം വള്ളിക്കാവ് അമൃതപുരിയിൽ തുടക്കമായി. ഇന്ന് രാവിലെ  സാംസ്കാരിക സമ്മേളനത്തിൽ  ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര മന്ത്രി മഹേന്ദ്രനാഥ്

പാണ്ഡെ, സഹമന്ത്രിമാരായ അശ്വിനികുമാർ ചൗബേ, V. മുരളീധരൻ, പ്രതിപക്ഷ നേതാവ് V.D. സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിൽ സജ്ജമാക്കിയ പ്രത്യേക വേദിയിലാണ് ജന്മദിനാഘോഷ പരിപാടികൾ.

✪✪✪

കേരള ഗാന്ധി സ്മാരകനിധി സംഘടിപ്പിക്കുന്ന 124 ദിവസം നീളുന്ന 'മഹാത്മാവിനൊപ്പം മുന്നോട്ട്' പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. രാജ്ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

✪✪✪

ഇന്നത്തെ നേത്രാവതി എക്സ്പ്രസിന്റെയും ജാംനഗർ ദ്വൈവാര എക്സ്പ്രസിന്റെയും സമയത്തിൽ മാറ്റം വരുത്തിയതായി റെയിൽവെ അറിയിച്ചു. രാവിലെ ഒൻപതേ കാലിന് തിരുവനന്തപുരത്തു നിന്ന് പുറപ്പെടേണ്ടിയിരുന്ന നേത്രാവതി, ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കേ പുറപ്പെടൂ.

തിരുനെൽവേലിയിൽ നിന്ന് പുലർച്ചെ അഞ്ചേകാലിന് പുറപ്പെടേണ്ടിയിരുന്ന ജാംനഗർ എക്സ്പ്രസ് വൈകിട്ട് നാലരയ്ക്കേ പുറപ്പെടൂ എന്നും റെയിൽവെ അറിയിച്ചു. ജാംനഗറിൽ നിന്നും മുംബൈയിൽ നിന്നും വരുന്ന ട്രെയിനുകൾ വൈകിയോടുന്നതിനെ തുടർന്നാണിത്.

✪✪✪